LIBRARY ARCHIVES Kerala Legislative Assembly

15. ഡോക്ടർമാരുടെ അഭാവം

ശ്രീ. റ്റി. യു. കുരുവിള : സർ, കോതമംഗലം നിയോജക മണ്ഡലത്തിലെ കോതമംഗലം താലൂക്കാശുപത്രി, നേര്യമംഗലം സി.എച്ച്.സി., പല്ലാരിമംഗലം സി.എച്ച്.സി., വാരപ്പെട്ടി സി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ കുറവുമൂലം നൂറ് കണക്കിന് ആദിവാസികളുൾപ്പെടെയുള്ള രോഗികൾ വളരെയേറെ ബുദ്ധിമുട്ടുകളനുഭവിക്കുകയാണ്. 173 കിടക്കകളുള്ള കോതമംഗലം താലൂക്കാശുപത്രിയിൽ 19 ഡോക്ടർമാരുടെ തസ്തികയാണുള്ളതെങ്കിലും സൂപ്രണ്ട് ഉൾപ്പെടെ 5 ഡോക്ടർമാർ മാത്രമാണ് ഇപ്പോഴുള്ളത്. 14 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. മൂന്ന് ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിൽ ജോലി ചെയ്യുന്നു. ഇവരെ തിരികെ കൊണ്ടുവരികയോ അല്ലെങ്കിൽ പകരം ഡോക്ടർമാരെ നിയമിക്കുകയോ ചെയ്യണം. ഡോക്ടർമാരുടെ കുറവുകാരണം 3.5 കോടി രൂപ ചെലവഴിച്ച് പുതിയതായി പണി തീർത്ത തീയേറ്ററും അനുബന്ധ വാർഡുകളും ജനങ്ങൾക്ക് ഉപയോഗപ്രദമായ വിധത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. മലയോര പ്രദേശമായ ആദിവാസി മേഖലകളിലെ കോളനികളിൽനിന്നും ഹൈറേഞ്ച് കവാടമായ കോതമംഗലം താലൂക്കിലെ പിന്നോക്ക പ്രദേശങ്ങളിൽനിന്നുമുള്ള ആയിരക്കണക്കിന് രോഗികളാണ് കോതമംഗലം താലൂക്കാശുപത്രിയിൽ നിത്യേന എത്തുന്നത്. കൂടാതെ നേര്യമംഗലം സി.എച്ച്.സി.-യിലും പല്ലാരിമംഗലം സി.എച്ച്.സി.- യിലും ഐ.പി. ആരംഭിക്കേണ്ടതുണ്ട്. ഇവിടെ ഐ.പി. ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇവിടെ ഒരു ഡോക്ടർ പോലും ഇപ്പോഴില്ല. അതുകൊണ്ട് ഡോക്ടർമാരേയും നിയമിക്കേണ്ടതാണ്. കൂടാതെ വാരപ്പെട്ടി സി.എച്ച്.സി.-യിൽ ഐ.പി. നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ ആവശ്യത്തിന് സ്റ്റാഫില്ല. ആയിരക്കണക്കിന് രോഗികൾ നിത്യേന എത്തുന്ന ഈ നാല് ആശുപത്രികളിലും ഡോക്ടർമാരുൾപ്പെടെ ഒഴിവുള്ള എല്ലാ തസ്തികകളും അടിയന്തരമായി നികത്തുന്നതിനും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, 173 കിടക്കകൾ അനുവദിച്ചിട്ടുള്ള കോതമംഗലം താലൂക്കാശുപത്രിയിലെ ശരാശരി ഒ.പി. 700-ഉം ഐ.പി. 80-ഉം ആണ്. 2012-ൽ പണി പൂർത്തീകരിക്കപ്പെട്ട അമ്മമാരുടെയും കുട്ടികളുടെയും വാർഡിൽ ഓപ്പറേഷൻ തീയേറ്ററിന്റെ പണി പൂർത്തീകരിച്ചുവരുന്നു. 19 ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ള ഈ ആശുപത്രിയിൽ നാല് അഡ്ഹോക് ഡോക്ടർമാരുൾപ്പെടെ 15 പേർ ജോലി ചെയ്യുന്നു. ഈ ആശുപത്രിയിൽ ഇ.എൻ.റ്റി, ഓർത്തോപീഡിക്, ഗൈനക്കോളജി, മെഡിസിൻ, പീഡിയാട്രിക്. ദന്തൽ, അനസ്തേഷ്യ, കാഷ്വാലിറ്റി വിഭാഗങ്ങളുടെ സേവനം ലഭ്യമാണ്. ഈ ആശുപത്രിയിലെ ഗൈനക്കോളജി, പീഡിയാട്രിക് എന്നീ വിഭാഗങ്ങളിലെ കൺസൾട്ടന്റ് ഡോക്ടർമാർ പറവൂർ താലൂക്കാശുപത്രിയിലും ഗൈനക്കോളജി, ഇ.എൻ.ടി ജൂനിയർ കൺസൾട്ടന്റ് ഡോക്ടർമാർ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലും ചേർത്തല താലൂക്കാശുപത്രിയിലും വർക്കിംഗ്

LIBRARY ARCHIVES Kerala Legislative Assembly

അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുകയാണ്. വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ഡോക്ടർമാരെ നിയമിച്ചിട്ടുള്ളതിനാൽ ഇവിടെ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്: സ്പെഷ്യലിസ്റ്റ് ഡോക്ടർമാർമാരുടെ ഒഴിവുകൾ സർവീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 24 കിടക്കകൾ വീതമുള്ള നേര്യമംഗലം, പല്ലാരിമംഗലം സി.എച്ച്.സി.-കളിൽ രണ്ട് ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ഡോക്ടർമാരുടെ ഒഴിവുകളില്ല. എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള പുതിയ ഐപി. കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്. ഈ സിഎച്ച്സി- കളിൽ ഐ.പി. ആരംഭിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വാരപ്പെട്ടി സി.എച്ച്.സി യിൽ ഒ.പി 300 മുതൽ 350 വരെയും ഐ.പി ഇരുപതുമാണ്. ഐ.പി. നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ കൂടുതൽ സപ്പോർട്ടിംഗ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

16. അലവൻസ് വർദ്ധനവ്

ശ്രീ. ഷാഫി പറമ്പിൽ : സർ, കേരളത്തിൽ ഓരോ വർഷവും ഏകദേശം ഇരുപത്തിനാലായിരത്തോളം പോസ്റ്റ്മോർട്ടങ്ങൾ നടക്കുന്നുണ്ട്. ഇതിൽ ഒൻപതിനായിരത്തോളം മെഡിക്കൽ കോളേജുകളിലും പതിനയ്യായിരത്തോളം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലുമാണ് നടക്കുന്നത്. കേരളത്തിലാകെ 40-ൽ താഴെ പോലീസ് സർജൻമാരാണുള്ളത്. വേഗത്തിലും ഉയർന്ന നിലവാരത്തിലും പോസ്റ്റ്മോർട്ടം നടത്താൻ ആവശ്യത്തിന് പോലീസ് സർജൻമാർ വേണം. കൊലപാതകം, സ്ത്രീധനപീഡന മരണം, ദുരൂഹ മരണം, മരണ കാരണം വ്യക്തമല്ലാത്ത കേസുകൾ എന്നിവയിലെല്ലാം നിർബന്ധമായും പോലീസ് സർജൻതന്നെ പോസ്റ്റ്മോർട്ടം നടത്തണം. മെഡിക്കൽ കോളേജുകളില്ലാത്ത 9 ജില്ലകളിലും ആവശ്യത്തിന് പോലീസ് സർജൻമാരില്ലാത്തതിനാൽ ജനങ്ങൾ നട്ടം തിരിയുകയാണ്. പോസ്റ്റ്മോർട്ടം രാത്രികാലങ്ങളിൽ നടത്തണമെന്ന ആവശ്യം ഈ സഭയിൽ ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് നിരവധി തവണ ഉന്നയിച്ചതാണ്. മറ്റൊരു വിഷയം എനിക്ക് അവതരിപ്പിക്കാനുള്ളത്, പോലീസ് സർജൻമാരെ കിട്ടാതിരിക്കാൻ പ്രധാന കാരണം അവർക്ക് നേരിടേണ്ടിവരുന്ന അവഗണനയാണ്. കേരളത്തിലെ പോലീസ് സർജന് ആഭ്യന്തര വകുപ്പിൽ വർക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പ്രതിമാസ അലവൻസ് 150 രൂപയാണ്. ഒരു ദിവസം 5 രൂപയാണ് ഗവൺമെന്റ് അലവൻസായി അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ റേറ്റ് ഫിക്സ് ചെയ്തത് 1984-ലാണ്. അന്ന് എനിക്ക് ഒരു വയസ്സായിരിക്കും പ്രായം. ഈ റേറ്റ് മാറ്റിക്കൊടുക്കാൻ ഇതുവരെ ഒരു സർക്കാരും ശ്രമിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും നിരവധി നിവേദനങ്ങൾ കൊടുത്തതിന്റെ ഫലമായി ശമ്പളപരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് വിട്ടു. എന്നാൽ ഇത് പരിഗണനാ വിഷയമായ